വരെ വന്നുനിൽക്കുന്നത് നായരമ്പലംവരെ നീട്ടാൻ ഇപ്പോൾ നടപടികൾ പൂർത്തീകരിച്ച് ടെൻഡറുകളെല്ലാം കഴിഞ്ഞു. പക്ഷെ എളങ്കുന്നപ്പുഴ പഞ്ചായത്ത് അതിർത്തിവരെ മാത്രമേ വെള്ളം കിട്ടുകയുള്ളൂ. നിലവിലുള്ള പദ്ധതി എളങ്കുന്നപ്പുഴ വരെ നീട്ടിയാൽ എളങ്കുന്നപ്പുഴയിലെ ശുദ്ധജല ക്ഷാമം താൽക്കാലികമായി പരിഹരിക്കാൻ കഴിയും. കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻവേണ്ടി റാ വാട്ടർ പൊവ്വയിൽ നിന്നോ മറേറാ കൊണ്ടുവന്ന് വൈപ്പിൻകരയിൽ വച്ചുതന്നെ ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൂടി അംഗീകരിക്കണം; അതിന്റെ ഇൻവെസ്റ്റിഗേഷൻ നടക്കുന്നുണ്ട്.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ചെറായിയിൽ വന്നു നിൽക്കുന്ന ഫീഡർ ലൈൻ നായരമ്പലംവരെ നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അത് എളങ്കുന്നപ്പുഴ അതിർത്തിവരെ നീട്ടണമെന്നുള്ള ആവശ്യമാണ് ഇവിടെ ഉന്നയിക്കുന്നത്. ഈ അടുത്ത ദിവസമാണ് കടമ്മക്കുടി പഞ്ചായത്തിലേക്ക് ഫീഡർലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞത്. അത് പെട്ടെന്നുതന്നെ പൂർത്തിയാക്കുന്നതാണ്. അതുപോലെ എറണാകുളം ഓഗ്മെന്റേഷൻ സ്കീമിന്റെ ആദ്യത്തെ ഫീഡർലൈൻ കൊടുക്കാൻ ഉദ്ദേശിക്കുന്നത് ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലേക്കാണ്. ഇവിടെ ശ്രീ. പിൻഹീറോ പറഞ്ഞ കാര്യത്തിൽ എന്തുചെയ്യാൻ സാധിക്കുമെന്നുള്ള കാര്യം പ്രത്യേകമായിട്ട് പരിശോധിക്കാം. ഇപ്പോൾ എന്റെ കൈയിൽ അതിന്റെ വിശദവിവരങ്ങളൊന്നും ഇല്ല. രണ്ടു മിനിറേറ ആയിട്ടുള്ളൂ ശ്രീ. പിൻഹീറോ ഈ സബ്മിഷൻ കൊണ്ടുതന്നിട്ട്. ഇത്രയും ഓർമ്മയിൽ നിന്ന് ഞാൻ പറഞ്ഞതാണ്.

(42) കൊടുങ്ങല്ലൂർ പ്രദേശം സംബന്ധിച്ച ചരിത്രപഠനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും കോവിലകം ഏറെറടുക്കണമെന്നുമുള്ള ആവശ്യം

പ്രൊഫ. മീനാക്ഷി തമ്പാൻ: സർ, കൊടുങ്ങല്ലൂരും പരിസരപ്രദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ചരിത്രപഠനത്തിനുള്ള ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്നും, കൊടുങ്ങല്ലൂർ വലിയതമ്പുരാൻ കോവിലകം ഏറെറടുത്ത് പൊതുസ്വത്താക്കണമെന്നും ആണ് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കൊടുങ്ങല്ലൂർ, തൃക്കുലശേഖരപുരം, തൃക്കാണം, തിരുവഞ്ചിക്കുളം എന്നിങ്ങനെയുള്ള പ്രദേശങ്ങൾ കേരളത്തിൽ ഏറവും പ്രസിദ്ധവും പ്രാചീനവുമായ ചരിത്രസ്ഥാനങ്ങളാണെന്നത് അംഗീകൃതമാണ്. എന്നാൽ ഈ പ്രദേശങ്ങളിലെ ചരിത്ര സ്ഥാനങ്ങൾ, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ, കോവിലകങ്ങൾ, കോട്ടകൾ, ആരാധനാലയങ്ങൾ എന്നിവ കേരള സംസ്കാരത്തിന്റെ വളർച്ചയുടെ അപൂർവ തെളിവുകളാണ്. അവയെല്ലാം ഏകദേശം

LIBRARY ARCHIVES Kerala Legislative Assembly

തകർന്നുകഴിഞ്ഞിരിക്കുകയാണ്. ക്രിസ്തുവിന് മുമ്പുതന്നെ ഗ്രീക്കുകാരും റോമാക്കാരും അടങ്ങുന്ന വിദേശികൾ എത്തിച്ചേർന്നത് കൊടുങ്ങല്ലൂർ തുറമുഖത്തിലായിരുന്നു. പോർട്ടുഗീസ്-ഇംഗ്ലീഷ്-ഫ്രഞ്ച് ആസ്ഥാനങ്ങളും ജൂതർ, ക്രിസ്ത്യാനികൾ, ജൈനർ, ബുദ്ധമതക്കാർ, ഇസ്ലാം മതക്കാർ എന്നിങ്ങനെ വിവിധ കൂട്ടരുടെ മുഖ്യ ആവാസ സ്ഥാനങ്ങളും, ബ്രാഹ്മണ ഗ്രാമങ്ങളുടെ കേന്ദ്രവും അടങ്ങുന്ന സവിശേഷ സമൂഹ രൂപീകരണ മേഖലയായ കൊടുങ്ങല്ലൂരിന് തുല്യമായി കേരളത്തിൽ മറ്റൊരു പ്രദേശവുമില്ല. ഈ പ്രദേശം സംബന്ധിച്ച ചരിത്ര പഠന സാധ്യതകൾ ഇന്ന് ഏതാണ്ട് നഷ്ടപ്പെട്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിലാണ് ഒരു മാസ്റ്റർ പ്ലാൻ, ചരിത്രപഠനത്തിനുവേണ്ടി തയ്യാറാക്കണമെന്ന് ഞാൻ സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നത്. ഒരുകാലത്ത് സർവകലാശാലയായിരുന്ന കൊടുങ്ങല്ലൂർ കോവിലകം കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ, കേരളവ്യാസന്റെ കുലഭവനം അറിവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുവേണ്ടി വലിയകോയിത്തമ്പുരാൻ കോവിലകം ഗവൺമെന്റ് ഏറ്റെടുത്ത്, കുടുംബാംഗങ്ങൾക്ക് ന്യായമായ പ്രതിഫലം നൽകി, പൊതുസ്വത്താക്കി മാറ്റുകയും ഡച്ചുമാതൃകയിൽ പണിചെയ്ത കെട്ടിടത്തിൽ ഒരു Archive of foreign notices and administrative records എന്ന തരത്തിലുള്ള ഒരു കേന്ദ്രം സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചനവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കൂടുതൽ വിവരങ്ങൾ ഇതിനെ കുറിച്ച് രേഖരിക്കാൻ കഴിഞ്ഞില്ല. കാരണം ബഹുമാനപ്പെട്ട പിൻഹീറോയുടെ സബ്മിഷൻ കിട്ടിയത് രണ്ടു മൂന്നു മിനിറ്റുകൾക്കു മുമ്പാണ്; കൊടുങ്ങല്ലൂർ എം.എൽ.എ.യുടെ സബ്മിഷൻ കിട്ടിയിട്ടും കുറച്ചു നേരമേ ആയിട്ടുള്ളൂ. ഞാൻ അവിടത്തെ എം.എൽ.എ ആയിട്ടല്ല പ്രൊഫ. മീനാക്ഷി തമ്പാനെ കാണുന്നത്. ഒരു ടീച്ചർ എന്നുള്ള നിലയിൽ ചരിത്രപരമായ പ്രാധാന്യമുള്ള ഈ വിഷയം സഭയിൽ കൊണ്ടുവന്നതിൽ വളരെ സന്തോഷമുണ്ട്. പെട്ടെന്ന് രേഖരിച്ച വിവരങ്ങളാണ് ഞാൻ പറയാൻ ഉദ്ദേശിക്കുന്നത്. സാധാരണ ഗതിയിൽ പുരാവസ്തുപരമായും ചരിത്രപരമായും പ്രാധാന്യമുണ്ടെന്ന് വകുപ്പിന് ബോദ്ധ്യപ്പെട്ടാൽ തഹസീൽദാരുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ വിവരങ്ങൾ രേഖരിച്ച് ആദ്യം പ്രിലിമിനറി നോട്ടിഫിക്കേഷൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചതിനുശേഷം തടസ്സങ്ങളെന്തെങ്കിലും ഉണ്ടെങ്കിൽ ആവശ്യമായ നടപടിക്രമങ്ങൾക്കു ശേഷം ഫൈനൽ നോട്ടിഫിക്കേഷനിറക്കി സ്മാരകമായി പ്രഖ്യാപിക്കുന്നതാണ് നടപടിക്രമം. കൊടുങ്ങല്ലൂർ കോവിലകത്തെ സംബന്ധിച്ചിടത്തോളം ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ ചരിത്രപരമായ വസ്തുതകളെല്ലാം ഞാൻ അംഗീകരിക്കുന്നു. ഒരു സംരക്ഷിത സ്മാരകമായി നമുക്ക് ഇതിനെ നിലനിർത്തേണ്ടതാണ് ആവശ്യമാണ്. കാരണം അതിന്റെ ചരിത്രപരമായ പ്രാധാന്യം അത്ര വലുതാണ്. ഇവിടെ ഇപ്പോൾ ഇങ്ങനെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ അന്വേഷിച്ചപ്പോൾ ഞാൻ പറഞ്ഞ നടപടിക്രമങ്ങളൊന്നുംതന്നെ ഈ കാര്യങ്ങളിൽ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് മനസ്സിലായത്. അപ്പോൾ നടപടിക്രമങ്ങൾ ഒന്നൊന്നായി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇത് ഒരു പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് നമ്മുടെ സാംസ്കാരിക പൈതൃകം നിലനിർത്താൻ ആവശ്യമായതുകൊണ്ട്, ഇതൊരു സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പു നൽകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly